# പതിനാലാം കേരള നിയമസഭ
# (ഒൻപതാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1498** **30.01.2018-ൽ മറുപടിയ്ക്ക്**

## മത്സ്യത്തൊഴിലാളികൾക്ക് സമ്പൂർണ്ണ പാർപ്പിടം പദ്ധതി

| ചോദ്യം<br>ശ്രീ.വി.പി.സജീന്ദ്രൻ | മറുപടി<br>ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|
| എ) ഭവന രഹിതരായ മത്സ്യത്തൊഴിലാളി കൾക്ക് സമ്പൂർണ്ണ പാർപ്പിടം ലക്ഷ്യമാക്കി ഫിഷറീസ് വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണ്; | എ) മത്സ്യത്തൊഴിലാളികൾക്ക് സമ്പൂർണ്ണ പാർപ്പിടം ലക്ഷ്യമിട്ട്, 2016-17, 2017-18 സാമ്പത്തിക വർഷം ഭവന നിർമ്മാണത്തിന് മുഖ്യ പരിഗണന നൽകി വിവിധ പദ്ധതികൾ ഫിഷറീസ് വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നു. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br>1. 2016-17 - സമഗ്ര ഭവന പദ്ധതി - 100 കോടി രൂപ<br>2. മത്സ്യത്തൊഴിലാളി കോളനികളിൽ ഭവന നിർമ്മാണം - 5 കോടി രൂപ<br>3. ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമ ഭവന പദ്ധതി<br>4. കടലാക്രമണത്തിൽ ഭൂമിയും വീടും നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതി - 25 കോടി രൂപ<br><br>കടലാക്രമണം രൂക്ഷമായ പ്രദേശങ്ങളിൽ താമസിക്കുന്നവരെ സുരക്ഷിതമായി പുനരധിവസി പ്പിക്കുന്നതിനായി 2017-18 സാമ്പത്തിക വർഷത്തിൽ മത്സ്യത്തൊഴിലാളികളുടെ "അടിസ്ഥാന സൗകര്യ വികസനവും മാനവശേഷി വികസനവും" എന്നതിൽപ്പെടുത്തി 150 കോടി രൂപയുടെ ഭവന പദ്ധതിയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| ബി) | ലൈഫ് പദ്ധതിയിൽ മത്സ്യത്തൊഴിലാളികൾക്ക് വീടുകൾ നിർമ്മിച്ച് നൽകുന്നുണ്ടോ; വിശദാംശം നൽകുമോ; | ബി) | ഭവന നിർമ്മാണ ധനസഹായ പദ്ധതികളിൽ ഗുണഭോക്താക്കളായി തെരഞ്ഞെടുക്കപ്പെട്ട് 2016 മാർച്ച് 31-നകം കരാറിൽ ഏർപ്പെടുകയോ ആദ്യഗഡു തുക കൈപ്പറ്റുകയോ ചെയ്തിട്ടുള്ളവരും എന്നാൽ ഭവന നിർമ്മാണം പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണമാണ് ലൈഫ് മിഷൻ മുഖേന ഈ വർഷം നടപ്പിലാക്കുന്നത്. പൂർത്തികരിയ്ക്കാത്ത ഭവനങ്ങളുടെ പൂർത്തികരണത്തിനുള്ള ധനസഹായം നിലവിലെ യൂണിറ്റ് കോസ്റ്റായ 4 ലക്ഷം രൂപയുടെ അനുപാതത്തിലാണ് ഗഡുക്കൾ അനുവദിക്കുന്നത്. മത്സ്യത്തൊഴിലാളി മേഖലയിൽ 471 പൂർത്തീകരിക്കാത്ത ഭവനങ്ങളാണ് ഉള്ളത്. ഇവ 31/3/2018 - നകം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |
| സി) | ഓഖി ദുരന്തത്തിൽ വീട് നഷ്ടപ്പെട്ടവർക്ക് ഭവന നിർമ്മാണത്തിന് പ്രത്യേക പദ്ധതിയും പരിഗണനയും നൽകുമോയെന്ന് വ്യക്തമാക്കാമോ? | സി) | ഓഖി ദുരന്തത്തിൽ വീട് നഷ്ടപ്പെട്ടവരുടെ ജില്ല തിരിച്ചുള്ള കണക്കുകൾ ശേഖരിച്ചതും തുടർ നടപടികൾ സ്വീകരിക്കുന്നതും റവന്യൂ വകുപ്പു മുഖേനയാണ്. ഭവന നിർമ്മാണം ഉൾപ്പെടെയുള്ള പദ്ധതികൾ കേന്ദ്ര പാക്കേജിൽ ഉൾപ്പെടുത്തി കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്. |

**സെക്ഷൻ ഓഫീസർ**